പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1164 30.09.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ പരസ്യവരുമാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ വസ്തുവകകളിൽ വലിയ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനും ബസ്സുകളുടെ ഇരുവശങ്ങളിലും പുറത്തും ഉള്ളിലും പരസ്യം പതിക്കുന്നതിനുമുള്ള നടപടിക്രമം എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വസ്തു വകകളിലും ബസ്സുകളിലും പരസ്യം പ്രദർശിപ്പിക്കുന്നതിന് എല്ലാ പ്രമുഖ ദേശീയ പത്രങ്ങളിലും പരസ്യം നൽകി ലേലം / ടെണ്ടർ നടപടികളിലൂടെ ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. ടി ലൈസൻസികൾ മുഖേനയാണ് പരസ്യം പതിക്കുന്നത്. |
| (ബി) | ഇതിനായി സ്പെയ്സ് അലോട്ട്മെന്റിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണ്; വിശദീകരിക്കുമോ; | (ബി) | ബസ്സുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നത് 1989ലെ കേരള മോട്ടോർ വാഹനചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചും ബോർഡുകൾ സ്ഥാപിക്കുന്നത് സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത രീതിയിലുമാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത സ്ഥലങ്ങളാണ് ബോർഡുകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുള്ളത്. |
| (സി) | ബസ്സുകളിൽ അന്തർസംസ്ഥാന കമ്പനികളുടെയും അന്താരാഷ്ട്ര വൻകിടക്കാരുടെയും പരസ്യങ്ങൾ കൂടെക്കൂടെ പ്രത്യക്ഷപ്പെടുന്നത് നിയമാനുസൃതമായിട്ടാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (സി) | കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ നിയമാനുസൃതമല്ലാത്ത പരസ്യങ്ങൾ ചെയ്യുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | പരസ്യ വരുമാനം ഭീമമാണെങ്കിലും കെ.എസ്.ആർ.ടി.സി.യുടെ കണക്കിൽ അത് കൃത്യമായി എത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധിച്ചിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഓരോ പരസ്യത്തോടുമൊപ്പം അനുമതി പത്രത്തിന്റെ നമ്പർ കൂടി നിർബന്ധമായും രേഖപ്പെടുത്താൻ നിർദ്ദേശം നൽകുമോ? | (ഇ) | ലൈസൻസികൾക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ